**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5080 24.10.2011 ൽ മറുപടിക്ക്.**

**<u>മാവേലിക്കര സർക്കാർ ആശുപത്രിയിലെ ഒഴിവുകൾ</u>**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ആർ. രാജേഷ്** | **ശ്രീ. അടൂർ പ്രകാശ്**<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെ കുറവുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി)പ്രസ്തുത കുറവ് പരിഹരിക്കുന്നതിന് എന്തു നടപടി കൈക്കൊണ്ടുവെന്ന് അറിയിക്കാമോ; | എ) & ബി) ഉണ്ട്. മാവേലിക്കര ജില്ലാ ആശുപത്രിയിൽ ആകെ ഡോക്ടർമാരുടെ 28 തസ്തികകളാണ് നിലവിലുള്ളത്. അതിൽ ഒരു ജൂനിയർ കൺസൾട്ടന്റിന്റെ (മെഡിസിൻ) ഒഴിവ് മാത്രമാണ് നിലവിലുള്ളത്. ഇതിൽ 3 ഡോക്ടർമാർ പ്രസവാവധിയിലും, 4 ഡോക്ടർമാർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് ആശുപത്രികളിൽ ജോലി നോക്കി വരുന്നു. ഒരു ജൂനിയർ കൺസൾട്ടന്റിന്റെ (മെഡിസിൻ) ഒഴിവിൽ എൻ.ആർ.എച്ച്.എം വഴി ഒരു ഡോക്ടറുടെ സേവനം ലഭിക്കുന്നുണ്ട്.<br>ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവ് നികത്തുന്നതിലേക്കായി സർവ്വീസിൽ പി.ജി. ഡിഗ്രി ഉള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) ഡോക്ടർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഒഴിവുകൾ തിട്ടപ്പെടുത്തി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | സി) പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ പി.എസ്.സിയിൽ നിന്നും നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്കും, പി.ജി ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ചും ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചു വരുന്നു. ഒഴിവുള്ള തസ്തികകളിൽ അടിയന്തിര ഘട്ടങ്ങളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കാനും വിരമിച്ച ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്താനും അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**